പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5649 — 27.10.2011–ലെ മറുപടിയ്ക്ക്

## സഹകരണ രംഗം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ്<br>,, തോമസ് ഉണ്ണിയാടൻ<br>,, റോഷി അഗസ്റ്റിൻ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ രംഗം ശക്തിപ്പെടുത്തുന്നതിന് പഠന കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ: | (എ) പരിഗണിക്കുന്നതാണ്. |
| (ബി) സഹകരണ രംഗത്തെ സാമ്പത്തിക തിരിമറികൾ ശക്തമായി നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) സംഘങ്ങളുടെ ആഡിറ്റ് കാര്യക്ഷമവും കുറ്റമറ്റതും, സമകാലീനവുമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സാമ്പത്തിക ശേഷിയുള്ളതും കൂടുതൽ ഇടപാടുകൾ നടക്കുന്നതുമായ സംഘങ്ങളിലും ബാങ്കുകളിൽ കൺകറന്റ് ആഡിറ്റർമാരുടെ സേവനം ലഭ്യമാക്കുന്ന കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നു. സഹകരണ സ്ഥാപനങ്ങളിലെ സാമ്പത്തിക തിരിമറികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് സാധ്യമാകുന്ന വിധത്തിൽ സഹകരണ നിയമത്തിലും ചട്ടങ്ങളിലും നിയമ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കൂടാതെ സഹകരണ |

സ്ഥാപനങ്ങളുടെ
മേലന്വേഷണവും വിവേക
പൂർണ്ണവുമായ നിയന്ത്രണവും
ശക്തവും കാര്യക്ഷമവും
ആക്കുന്നതിനും അതോടൊപ്പം
വകുപ്പ് തലത്തിൽ നടത്താറുള്ള
മിന്നൽ പരിശോധന. വിശദമായ
പരിശോധന ഇവ കൂടുതൽ
കർക്കശമാക്കിയും സഹകരണ
രംഗത്തെ സാമ്പത്തിക
തിരിമറികൾ നിയന്ത്രിക്കാൻ
സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ